# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 609 — 28.10.2011 ൽ മറുപടിയ്ക്ക്**

## തീവ്രവാദ സംഘടനകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. ദിവാകരൻ:**<br>**ശ്രീ. ഇ. കെ. വിജയൻ:**<br>**ശ്രീമതി. ഇ. എസ്. ബിജിമോൾ:**<br>**ശ്രീ. ജി. എസ്. ജയലാൽ:** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) കേരളത്തിൽ തീവ്രവാദ സംഘടനകൾക്ക് ശക്തമായ വേരോട്ടമുണ്ടെന്ന കേന്ദ്ര ആഭ്യന്തര മന്ത്രാലയം തയ്യാറാക്കിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ചില തീവ്രവാദ സംഘടനകൾ പ്രവർത്തനം വ്യാപിപ്പിക്കാൻ സാദ്ധ്യതയുള്ളതായി കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. |
| (ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് ഇപ്പോൾ നിരോധിക്കപ്പെട്ടിട്ടുള്ള സംഘടനകൾ എത്ര; ഇതിൽ മതതീവ്രവാദ സംഘടനകൾ ഏതെല്ലാം; | (ബി) സിമി (സ്റ്റുഡന്റ്സ് ഇസ്ലാമിക് മൂവ്മെന്റ് ഓഫ് ഇൻഡ്യ) എന്ന സംഘടന മാത്രമാണ് ഇപ്പോൾ നിരോധിക്കപ്പെട്ടിട്ടുള്ളത്. |
| (സി) ഇത്തരം സംഘടനകൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്ന വഴികളെക്കുറിച്ചും, ഈ സംഘടനകളുടെ ആഭിമുഖ്യത്തിലുള്ള പ്രസിദ്ധീകരണങ്ങളെ കുറിച്ചും എന്തെങ്കിലും തരത്തിലുള്ള വിവരങ്ങൾ കൈവശമുണ്ടോ? | (സി) സിമി പ്രവർത്തകർ ഉൾപ്പെട്ട കേസ്സുകളുടെ അന്വേഷണത്തിൽനിന്നും വിദേശ സഹായം സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസിദ്ധീകരണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഒന്നും ഇപ്പോൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ